പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3351

08-11-2019-ൽ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

**ചോദ്യം**

**ശ്രീ.കെ.ആൻസലൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ 2019-20 സാമ്പത്തിക വർഷത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് ഏതൊക്കെ പഞ്ചായത്തിലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിൽ പുതിയ അഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ ജില്ലകളിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കണമെന്നത് സംബന്ധിച്ച് അന്തിമ ലിസ്റ്റ് തയ്യാറായി വരുന്നതേയുള്ളൂ. |
| (ബി) | ഓരോ അഗ്രോ സർവ്വീസ് സെന്ററിനും എത്ര ലക്ഷം രൂപയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | നിലവിലുള്ള മാനദണ്ഡമനുസരിച്ച് പുതിയതായി തുടങ്ങുന്ന ഓരോ അഗ്രോ സർവ്വീസ് സെന്ററുകൾക്കും കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനു 25 ലക്ഷം രൂപയും ഓഫീസ് സൗകര്യത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 7 ലക്ഷം രൂപയും ഉൾപ്പെടെ 32 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത ജില്ലയിലെ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | 2019-20 സാമ്പത്തിക വർഷം പുതുതായി അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഏതൊക്കെ ജില്ലകളിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ